നം.ക്യൂ.ഐ.പി(2)/39308/2019/ഡി.ജി.ഇ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 31/10/2019

# സർക്കുലർ

വിഷയം:- "പ്രതിഭകൾക്കൊപ്പം" എന്ന പരിപാടി സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

**********

വിദ്യാലയ പരിസരത്തെ മനുഷ്യ വിഭവശേഷിയെ അക്കാദമിക മികവിന് ഉപയോഗപ്പെടുത്തേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പശ്ചാത്തലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നാടിന്റെ നന്മകളായ മനുഷ്യ പ്രതിഭകളെ വിദ്യാലയങ്ങളുമായി കണ്ണി ചേർക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി പ്രതിഭകളായ/വിദഗ്ദരായ ആളുകളെ കണ്ടെത്തി അവരുടെ ഭവനങ്ങളിലേക്ക് നവംബർ 14 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ സ്കൂളിലെ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സന്ദർശനം നടത്തേണ്ടതാണ്. ശാസ്ത്രജ്ഞർ, കവികൾ, കലാകാരന്മാർ, എഴുത്തുകാർ, പ്രശസ്തരായ സാമൂഹ്യപ്രവർത്തകർ, കായികപ്രതിഭകൾ, ഊരുമൂപ്പന്മാർ, നാട്ടുവൈദ്യൻമാർ തുടങ്ങിയ പ്രതിഭകളെ സന്ദർശിക്കാവുന്നതാണ്. സ്കൂളിൽ നിന്ന് കുട്ടികൾക്ക് നടന്നു പോകാവുന്ന ദൂരത്തിലുള്ള ഒരു പ്രതിഭ/വിദഗ്ദന്റെ വസതിയിലേക്കാണ് സന്ദർശനം നടത്തേണ്ടത്. സന്ദർശനത്തിന് മുൻകൂട്ടി അനുവാദം വാങ്ങേണ്ടതാണ്. ഒരു വിദ്യാലയത്തിൽ നിന്നും പരമാവധി 15 കുട്ടികൾ ഉൾപ്പെടുന്ന സംഘമാണ് പരിപാടിക്കായി രൂപീകരിക്കേണ്ടത്. അഭിമുഖം നടത്തുന്ന വ്യക്തിയിൽ നിന്നും നേടേണ്ട അറിവുകൾ സംബന്ധിച്ച് ഏകദേശ ധാരണ അധ്യാപകർ കുട്ടികളുമായി മുൻകൂട്ടി പങ്കുവെക്കേണ്ടതാണ്. പരമ്പരാഗത ഇൻറർവ്യൂ ശൈലി ഒഴിവാക്കേണ്ടതാണ്. അഭിമുഖ റിപ്പോർട്ട്, വാർത്ത, ജീവചരിത്ര കുറിപ്പ്, കഥ, കവിത, ചിത്രീകരണം തുടങ്ങിയ വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ അഭിമുഖത്തെ അടിസ്ഥാനമാക്കി രേഖപ്പെടുത്തലുകൾ നടത്താൻ വിദ്യാർത്ഥികൾക്ക് നിർദേശം നൽകേണ്ടതാണ്. അഭിമുഖവേളയിൽ വീഡിയോ/ഓഡിയോ ഡോക്യൂമെന്റഷന് നടത്താവുന്നതാണ്. സ്കൂൾ പരിസരത്തുള്ള പ്രതിഭാധനരായ വ്യക്തികളുടെ പട്ടിക പ്രഥമാധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറാക്കി ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. എല്ലാ വിദ്യാലയങ്ങളിലും ഈ പ്രവർത്തനം നടക്കുന്നു എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

**സി.എ. സന്തോഷ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)**

സ്വീകർത്താവ്:
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.